**Luke 13:1-19**

---

മാനസാന്തരപെടുക എന്ന പ്രയോഗത്തിന് മനുഷ്യോത്പ്പത്തിയോളം തന്നെ പഴക്കമുണ്ട്. മലയാളത്തിൽ "മാനസാന്തരം" മനസ്സിന്റെ അന്തരം അഥവാ മനസ്സിന് സംഭവിക്കേണ്ട മാറ്റമാകുമ്പോൾ,മാസന്തരപ്പെടുക എന്ന മലയാളപദത്തിന്റെ തത്തുല്യമായ ഗ്രീക്ക് പദം 'മെത്തനോയിയ' എന്നാണ്. സ്നാപകയോഹന്നാൻ മരുഭുമിയിൽ വന്നു പ്രസംഗിച്ചത് ഈ അർത്ഥത്തിലാണ്,പ്രവർത്തികളിൽ നിന്ന് പിന്തിരിയുക. തിന്മ നിറഞ്ഞ പ്രവർത്തികളെ വർജ്ജിക്കുക എന്നൊക്കെ ഇതിന് അർത്ഥം ഉണ്ട്.

മാനസാന്തരം എന്ന പദത്തിന് തത്തുല്യമായ ഹീബ്രു പദം 'ഷബെ'എന്നാണ്. ഒരേ ദിശയിലേക്ക് പോകുന്ന

കുതിരയുടെ കുളമ്പ് നേരെ എതിർദിശയിലേക്ക് തിരിയുന്നതാണ് ഈ വാക്കിന്റെ വാചിക അർത്ഥം ദ്യോധിപ്പിക്കുന്നത്. മനുഷ്യർ തങ്ങളുടെ അധാർമ്മികമായ പ്രവർത്തികളിൽ നിന്ന് പിന്തിരിഞ്ഞു ദൈവത്തിലേക്ക് എത്തണം എന്നാണീ പ്രയോഗത്തിന്റെ സാരം.

സുവിശേഷം രണ്ട് സന്ദേശങ്ങൾ ആണ് നൽകുന്നത്. ഒന്നാമത്തെ സന്ദേശം മാനസാന്തരപ്പെടണം എന്നതാണ്. യാക്കോബ് 4:8 അനുസ്മരിപ്പിക്കുന്നതു പോലെ ദൈവത്തോടു ചേർന്നു നിന്നാൽ ദൈവവും ചേർന്നു നിൽക്കും എന്നാണിതിന്റെ ചിന്ത. മാനസാന്തരപ്പെടുന്നില്ലെങ്കിൽ നാശമായിരിക്കും ഫലം എന്ന സുചനയും സുവിശേഷം നൽകുന്നുണ്ട്.

പശ്ചാത്താപം മാനസാന്തരത്തിലേക്കും മാനസാന്തരം അനുഗ്രഹത്തിലേക്കും നയിക്കും എന്ന് സുവിശേഷം വ്യക്തമാക്കുന്നു. ചരിത്രത്തിൽ സംഭവിച്ച ചില ദു:ഖകരമായ സംഭവങ്ങളെ എടുത്ത് വച്ചിട്ട് മാനസന്തരപ്പെടുന്നില്ലെങ്കിൽ കാത്തിരിക്കുന്നത് അത്തരം ദുരനുഭവങ്ങളായിരിക്കും എന്ന് സുവിശേഷം വ്യക്തമാക്കുന്നു.

വചനസന്ദേശത്തിന്റെ രണ്ടാം ഭാഗം വ്യക്തമാണ്. മാനസന്തരങ്ങളൊക്കെ ഫലം പുറപ്പെടുവിപ്പിക്കലിലേക്ക്

നിളുന്നതാകണം. നന്മയിലേക്ക് മിഴിതുറക്കാത്ത അനുതാപങ്ങൾക്കൊന്നും അനുഗ്രഹമാകാൻ കഴിയില്ല എന്ന് സുവിശേഷം സാക്ഷിക്കുന്നു. അത്തിവ്രക്ഷങ്ങെളാക്കെ ഫലം പുറപ്പെടുവിപ്പിക്കുംമ്പോൾ ആണ് അത് യഥാർത്ഥത്തിൽഅനുഗ്രഹമായിത്തീരുക. കൃഷിക്കാരനായ ദൈവം ഫലത്തിൽകുറഞ്ഞൊന്നും അതിൽ നിന്ന് പ്രതീക്ഷിക്കുന്നില്ല. സമൃദ്ധമായ വളർച്ചയും, നിബിഡമായ ഇലചാർത്തും ഫലത്തിലേക്ക് എത്തുന്നി ല്ലെങ്കിൽ അതിന്റെ അസ്ഥിത്വത്തിനു അടിസ്ഥാനമില്ലെന്നു ചുരുക്കം . അർപ്പിക്കുന്ന സർവ്വത്തെയും അനശ്വരമാക്കുന്ന ദൈവം. അത്തിവൃക്ഷത്തിന്റെഇലച്ചാർത്തുകൾക്കിടയിൽ തിരയു കയാണ് അനുതാപത്തിന്റെ മാനസാന്തരത്തിന്റെ ഫലങ്ങൾ.

ഫലങ്ങൾ പുരപ്പെടുവിക്കുന്നതിലാണ് മാനസാന്തരം പൂർണ്ണമാകുന്നത് എന്ന് സുവിശേഷം വ്യക്തമാക്കുന്നു. ഫലങ്ങൾ പുറപ്പെടുവിക്കുന്ന മാനസാന്തരങ്ങളാണ് വെട്ടികളയാതെ സുക്ഷിക്കാൻ കാരണമാകുന്നത്. 'നാഥാ ഞങ്ങളോട് കൂടെ വസിക്കണമേ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പുണ്യസ്മരണാർഹനായ വാഴ്ത്തപ്പെട്ട ജോണ് പോൾ രണ്ടാമൻമാർപാപ്പ സുചിപ്പിക്കുന്നു. നിന്റെ വിശുദ്ധ ബലിയർപ്പണം ദൈവാലയത്തിന്റെ ചുമരുകൾ കടന്ന് ചന്ത സ്ഥലം (Market Place)വരെ നീളുന്നില്ലെങ്കിൽ ബലിയർപ്പണം പ്രയോജനരഹിതമാണ്.

മാനസാന്തരത്തിന്റെ ഫലം തേടിയെത്തുന്ന കർത്താവിനു കാഴ്ച്ച വെയ്ക്കാൻ നന്മയുടെ ഫലം വിളയിച്ച് നമുക്ക് കാത്തിരിക്കാം. കർത്താവിന്റെ അനുഗ്രഹത്തിന്റെ വലതുകരത്തിൻ കിഴെ നമുക്ക് താഴ്മയോടെ നിൽക്കാം.

Fr. Saji Vattukalathil, Diocese of Palghat